"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് രണ്ടാം ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

---

സാംസ്കാരിക കാര്യ (എ) വകുപ്പ്

G.O.(Rt)No.303/2024/CLAD തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.205/2024/സാം.കാ.വ തീയതി 11.04.2024
2. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല രജിസ്ട്രാറുടെ 30.05.2024 തീയതിയിലെ കെ.കെ.എം.ഡി.യു /എഫ്-1/488/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലക്ക് 2024-25 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 7,82,95,000/- രൂപ (ഏഴ് കോടി എൺപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ആദ്യ ഗഡുവായി 1,56,59,000/- രൂപ (ഒരു കോടി അമ്പത്തിയാറ് ലക്ഷത്തി അൻപത്തിയൊമ്പതിനായിരം രൂപ മാത്രം) പരാമൃഷ്ട ഉത്തരവ് പ്രകാരം അനുവദിച്ചുത്തരവായിരുന്നു. പരാമൃഷ്ട കത്ത് പ്രകാരം രണ്ടാം ഗഡു അനുവദിക്കുന്നതിന് കലാമണ്ഡലം രജിസ്ട്രാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലക്ക് 2024-25 സാമ്പത്തിക വർഷം "2205-00-101-97-31 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) രണ്ടാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി

സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല രജിസ്ട്രാർ, സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും ടി തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SANTHOSH R

JOINT SECRETARY

രജിസ്ട്രാർ, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, തൃശ്ശൂർ

ഡയറക്ടർ, സാസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ വകുപ്പ് (E 2760653 EDN-C3/133/2024-FIN dated 06.06.2024)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 07-06-2024 17:03:01

പകർപ്പ് : ബഹു.സാംസ്കാരികവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സാംസ്കാരികകാര്യവകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്